# സമഗ്ര വിദ്യാലയ വികസന രേഖ

# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## വിദ്യാലയ വികസന രേഖ



# വിമല ഹൃദയ ജി.എച്ച്.എസ്.എസ്.

## പട്ടത്താനം, കൊല്ലം

# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# വിദ്യാലയ വികസന രേഖ

## വിമല ഹൃദയ ജി.എച്ച്.എസ്.എസ്

### പട്ടത്താനം, കൊല്ലം

**D.E.O**

**A.E.O**

**PRINCIPAL**

**HM**

**MPTA**

# ആമുഖം

വിദ്യയുടെ നിറവിൽ വിനയത്തോടെ വിചിന്തനം ചെയ്ത്, വിലയേറിയ വ്യക്തിത്വത്തിനുടമകളായി വിജയപഥത്തിലെത്താനുള്ള വിവിധപ്രവർത്തനങ്ങളുടെ ആകെത്തുകയാണ് വിദ്യാഭ്യാസം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങൾക്കൊത്ത് സമൂഹത്തിൽ പരിവർത്തനങ്ങൾ വന്നു ചേരുന്നു. വിദ്യാർത്ഥികളിലൂടെ ഭാവി സമൂഹത്തെ രൂപപ്പെടുത്തുന്നതിനും ഒരു നല്ലനാളയെ സൃഷ്ടിക്കുന്നതിനും കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടത് ആവശ്യമാണ്. സർക്കാരിന്റെ സ്വപ്നപദ്ധതികൾ മാറ്റത്തിന്റെ ചിറക് വിരിച്ച് വിദ്യാലയങ്ങളിൽ പരിലസിക്കുന്നു. ഇനിയും ലക്ഷ്യങ്ങൾ വിഭാവനം ചെയ്യപ്പെടണം. ലക്ഷ്യപ്രാപ്തിക്കായി ഒരുമിച്ച് കൈകോർക്കുമ്പോൾ വിജയം സുനിശ്ചിതമാകും. അതിനായുള്ള ശ്രമത്തിന്റെ ഭാഗമായി മാറാൻ 'സമഗ്രവിദ്യാലയ വികസന രേഖ'യ്ക്ക് കഴിയും. കാലത്തിന്റെ പരിവർത്തന താളുകളിൽ അതൊരു സുവർണ്ണ രേഖയായി ശോഭിക്കണമെങ്കിൽ ആശയങ്ങൾ അക്ഷരങ്ങളിലൊതുങ്ങാതെ പ്രവർത്തനങ്ങളുടെ ആർജ്ജവമായി പുറത്തേക്കൊഴുകണം. വികസനോന്മുഖമായ പ്രവർത്തനങ്ങൾ മാറ്റത്തിന്റെ വെള്ളിവെളിച്ചം വിതറി വിരാജിക്കുമ്പോൾ വിദ്യാലയങ്ങൾക്ക് ഒരു നവോന്മേഷം കൈവരുന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളും സമൂഹവും നവമായ മാറ്റത്തിന്റെ ചുവടുകൾ വച്ച് മുന്നേറുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകൾ മാറ്റത്തിന്റെ വിളംബരം മുഴക്കിക്കഴിഞ്ഞു. അന്താരാഷ്ട്രാ നിലവാരത്തിലേക്കുയർന്ന് വികസനത്തിന്റെ പ്രതിരൂപങ്ങളായി മാറിക്കഴിഞ്ഞു ഒട്ടുമിക്ക വിദ്യാലയങ്ങളും. വിദ്യാലയമെന്നാൽ അദ്ധ്യാപകരും വിദ്യാർത്ഥികളുമെന്ന മനോഭാവത്തിൽ നിന്ന്, കുട്ടികളും അദ്ധ്യാപകരും സാമൂഹിക - രാഷ്ട്രീയ -സാംസ്കാരിക നായകന്മാരും ഗവൺമെന്റിന്റെ ഏജൻസികളുമടങ്ങുന്ന വലിയൊരു സംരംഭമായി മാറിയതും ഈ മാറ്റത്തിന്റെ അതുല്യമായ രേഖപ്പെടുത്തലാണ്.

വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് അറിവ് അന്വേഷണവും അന്വേഷണം ഗവേഷണവുമാകുന്നതിനുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം

സാക്ഷാത്ക്കരിക്കാനാകൂ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസമേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. സമൂഹ പങ്കാളിത്തത്തോടെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തേണ്ടതുണ്ട്. ജൈവവൈവിദ്ധ്യ ഉദ്ധ്യാനം, ഹൈടെക് വിദ്യാഭ്യാസം, ക്ലാസ് ലൈബ്രറി, കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുന്ന ടാലന്റ് ലാബ് തുടങ്ങി ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. നല്ല വായന, നല്ല പഠനം, നല്ല ജീവിതം തുടങ്ങിയവ ചെറുപ്പം മുതലേ ശീലിപ്പിക്കുവാൻ പറ്റുന്ന സ്ഥാപനങ്ങളായി വിദ്യാലയങ്ങൾ മാറണം. പൊതുവിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായി തീരണമെന്ന് വിഭാവനം ചെയ്ത് ലക്ഷ്യത്തിലെത്തിച്ചേരുവാൻ വേണ്ടുന്ന ഭാവി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക വഴി വിദ്യാലയങ്ങൾ മികവുറ്റതായി തീരും. ശാസ്ത്രം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. അതിവേഗം വളരുന്ന ശാസ്ത്രമേഖല സാമൂഹികവും ജനകീയവുമാകുമ്പോഴാണ് സാമൂഹിക പുരോഗതി കൈവരുന്നത്. കേവല ശാസ്ത്ര വളർച്ചയായി മാത്രം ഒതുങ്ങാതെ സമൂഹത്തിനും പ്രയോജനപ്പെടുന്നതാകണം യഥാർത്ഥ വിദ്യാഭ്യാസം.

പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ട് ദുർബല വിഭാഗങ്ങളെ ശക്തിപ്പെടുത്താനും ജാതിമത ചിന്തകൾക്കതീതമായ ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിനും കലയെയും കഴിവിനെയും പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ അധിഷ്ഠിതമായ പഠനരീതി ക്രമപ്പെടുത്തുന്നതിനും സാമ്പത്തിക അസമത്വങ്ങൾ ഇല്ലാതാക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉൾക്കരുത്തുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വിദ്യാഭ്യാസം അനിർവ്വചനീയമായ അതുല്യത കൈവരിക്കട്ടെ.

# ലക്ഷ്യങ്ങൾ (അക്കാദമിക് മികവിന് ഊന്നൽ)

വിദ്യാലയങ്ങൾ വികസനോന്മുഖമായ മാറ്റത്തിന്റെ പാതയിലാണ്. മികവിന്റെ ഭാഗമാകാൻ വിമല ഹൃദയ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ലക്ഷ്യങ്ങളിലേക്ക് മുന്നേറുകയാണ്. വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും പ്രവർത്തനങ്ങളിലൂന്നിയുള്ള പഠനസംവിധാനങ്ങൾ കണ്ടെത്തുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തുവരുന്നു.

ആശയ രൂപീകരണത്തിന് ആധാരം അനുഭവങ്ങളാണ്. അവയിൽ പ്രത്യക്ഷാനുഭവങ്ങളാണ് കൂടുതൽ പ്രയോജനകരമെന്നതുകൊണ്ട് അത്തരം അനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ഐ.സി.റ്റി, മോഡലുകൾ, ചാർട്ടുകൾ, ലാബ് പ്രവർത്തനങ്ങൾ ഇവയിലൂടെ പ്രത്യക്ഷാനുഭവങ്ങൾ സാധ്യമാക്കാനാണ് ശ്രമിക്കുന്നത്. സവിശേഷതകൾ സൂചിപ്പിക്കുന്ന നിർവ്വചനം കൊടുത്തിട്ട് അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉദാഹരണങ്ങൾ കണ്ടെത്താനും, പ്രത്യേകമായി നിരവധി ഉദാഹരണങ്ങൾ നൽകിയിട്ട് സാമാന്യവൽക്കരണത്തിലേക്ക് നയിക്കുന്ന സവിശേഷതകൾ കണ്ടെത്താനും കുട്ടികളെ സഹായിക്കുന്നത് ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

രൂപബോധം, വർണ്ണബോധം, സമയബോധം, വലിപ്പം, ദൂരം, ദിശ, എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ സംഖ്യാബോധം, കാര്യകാരണ ബന്ധമെന്ന ആശയം എന്നീ തലങ്ങളിലൂള്ള വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് ലക്ഷ്യമിട്ടുകഴിഞ്ഞു.

പഠനനൈപുണികളുടെ ആർജ്ജനത്തിൽ 'അഭിപ്രേരണ' ഏറ്റവും സുപ്രധാനമാണ്. അഭിപ്രേരണയുടെ അഭാവത്തിൽ കാര്യക്ഷമമായ പഠനം നടക്കുകയില്ല. അതുകൊണ്ട് കുട്ടികളിൽ പുതിയ ഒരു നൈപുണി വികസിപ്പിക്കാൻ ശ്രമിക്കും മുമ്പ് അദ്ധ്യാപകൻ പഠിതാക്കളിൽ അഭിപ്രേരണ

വളർത്തണം. അഭിപ്രേരണ ഉണ്ടായാൽ അവർ പൂർണ്ണ ശ്രദ്ധയോടെ അഭ്യസിക്കുകയും തങ്ങളുടെ ഊർജ്ജം മുഴുവൻ നൈപുണിയുടെ പഠനം ലക്ഷ്യമാക്കി വിനിയോഗിക്കുകയും ചെയ്യുമെന്നതിനാൽ അഭിപ്രേരണയിലൂന്നിയുള്ള വിദ്യാഭ്യാസവും ലക്ഷ്യം വയ്ക്കുന്നു.

ഒന്നോ രണ്ടോ ആഴ്ച സമയമെടുത്ത് ഓരോ അദ്ധ്യാപകരും വിലയിരുത്തൽ നടത്തണം. ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടോ എന്നും ഗണിതത്തിലെ ചതുഷ്ക്രിയകൾ സ്വായത്തമാക്കിയിട്ടുണ്ടോയെന്നും പരിശോധിച്ച് കണ്ടെത്തുന്ന കുട്ടികളെ സമയബന്ധിതമായും വ്യക്ത്യാധിഷ്ഠിതമായും നൽകുന്ന പ്രവർത്തനങ്ങളിലൂടെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. അതിനുവേണ്ടി അദ്ധ്യാപകർ അധികസമയം കണ്ടെത്തി ഇങ്ങനെയുള്ള കുട്ടികളിൽ വായിക്കാനും എഴുതാനും ഗണിതക്രിയകൾ ചെയ്യുവാനുമുള്ള കഴിവുണ്ടാക്കിക്കൊടുക്കാനുമുള്ള ലക്ഷ്യങ്ങൾ പ്രയോഗത്തിൽ വരുത്തിക്കഴിഞ്ഞു. കൂടാതെ ഓരോ കുട്ടിക്കും ഓരോ പിയർ മാസ്റ്ററിനെ കണ്ടെത്തി അവരുടെ പങ്കാളിത്തത്തോടെ കുട്ടിയെ പരിശീലിപ്പിക്കാവുന്നതാണ്. പിയർ മാസ്റ്ററിന്റെ പ്രവർത്തനം എപ്പോഴും അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കാൻ ശ്രദ്ധിക്കണം. ഇടയ്ക്കിടക്ക് കളികളിലൂടെയോ ഐ.സി.റ്റി സാധ്യതകൾ ഉപയോഗിച്ചോ കുട്ടിയുടെ നിലവാരം വിലയിരുത്താനുള്ള ക്രമീകരണങ്ങളും അക്കാദമിക, നിലവാരത്തിലൂന്നിയുള്ള ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തണം. ഇതിനോടൊപ്പം അതത് വർഷത്തെ പാഠ്യവിഷയങ്ങളും വിലയിരുത്തപ്പെടണം. വിവിധതരം ഇവാലുവേഷൻ ടൂളുകൾ വാചിക, എഴുത്തു പരീക്ഷകൾ, അസൈൻമെന്റ്, സെമിനാർ, പ്രോജക്ട്, പ്രാക്ടിക്കൽസ്, ക്വിസ് തുടങ്ങിയ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ കുട്ടികളുടെ മികവ് വിലയിരുത്താവുന്നതാണ്.

ശ്രദ്ധ, നവപ്രഭ, സമഗ്ര മലയാളത്തിളക്കം എന്നീ പദ്ധതികളുടെ സഹായത്തോടുകൂടിയും പിയർ ഗ്രൂപ്പ്, സബ്ജക്ട് എക്സ്പേർട്ട് എന്നിവ പ്രയോജനപ്പെടുത്തിയും പഠനനിലവാരം ഉയർത്താനുള്ള പദ്ധതികൾക്ക്

ലക്ഷ്യമിടുന്നു. വിഷയാഭിമുഖ്യമുണ്ടാക്കാനായി സബ്ജക്ട് എക്സ്പേർട്ടുകളുടെ ലേഖനങ്ങൾ, പ്രബന്ധങ്ങൾ, ക്ലാസ്സുകൾ, മാജിക് ഷോ മുതലായവ ഉപയോഗപ്പെടുത്താനാകും. വിലയിരുത്തൽ പ്രക്രിയകൾക്ക് ശേഷം മാതാപിതാക്കളുമായി അദ്ധ്യാപകർ കൂടിയാലോചിച്ച് നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും പരിഹാരങ്ങളും കണ്ടെത്താവുന്നതാണ്. ലക്ഷ്യബോധമുണ്ടാക്കുവാൻ കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അതിന് അദ്ധ്യാപകരുടെ സഹകരണം ഉറപ്പുവരുത്തും.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ആകർഷിക്കുന്ന വിധത്തിലുള്ള നൂതന സാങ്കേതിക വിദ്യകൾ, പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ സംഘടിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസം അവർക്ക് ബാലികേറാമലയാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കി സന്തോഷപ്രദമാക്കും. ഫുൾ എ+ വാങ്ങുന്ന കുട്ടികളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളും ലക്ഷ്യം വയ്ക്കുന്നു. എല്ലാ വിദ്യാർത്ഥിനികളെയും വിജയത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഇനിയും തുടരാനും കൂടുതൽ സമയം അവർക്കായി കണ്ടെത്താനും ലക്ഷ്യമിടുന്നു.

5 മുതൽ 12വരെയുള്ള ഓരോ ക്ലാസ്സുകൾക്കും ക്ലാസ്സ് തലത്തിൽ ആവശ്യമായവ ലഭിക്കുന്നുണ്ടോയെന്നും കുട്ടികൾ കഴിവും അറിവുമുള്ളവരായി മാറുന്നുവെന്നും വിലയിരുത്തലുകൾ നടത്തുന്നതോടൊപ്പം സമൂഹനന്മയ്ക്കുതകുന്ന വ്യക്തികളായി അവരെ രൂപപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകുക എന്നതും ലക്ഷ്യങ്ങളിൽപ്പെടുന്നു. വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ കൊണ്ട് മാനസിക വ്യഥയനുഭവിക്കുന്ന കുട്ടികൾക്കും പരീക്ഷാഭയം ഉള്ളവർക്കും കൗൺസിലിംഗ് ഉറപ്പുവരുത്തുന്നു.

പ്രോജക്ട് മാർഗ്ഗരേഖയും മൂല്യനിർണ്ണയ സൂചകങ്ങളും സൗജന്യമായി ലഭ്യമാക്കി കുട്ടികൾക്ക് ഗണിത -ശാസ്ത്ര വിഷയങ്ങളിൽ പ്രശ്നപരിഹാര ശേഷിയും സർഗ്ഗാത്മകതയും വളർത്തുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്ന

തോടൊപ്പം പ്രക്രിയാധിഷ്ഠിതമായ പഠനബോധന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കും. പഠിതാവിന്റെ കലാ-കായിക സർഗ്ഗാത്മകതയും ചിന്താശേഷിയും പരിഗണിച്ചുള്ള ബോധനരീതിക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള പഠനരീതി ലക്ഷ്യമിടുന്നു.

വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ ഓടിയൊളിക്കാതെ, അവയെ അഭിമുഖീകരിക്കുവാനും പരിഹരിക്കുവാനും വേണ്ടുന്ന ധൈര്യവും അറിവും ആത്മവിശ്വാസവും വളർത്തിയെടുക്കുന്നു.

ആത്മനിയന്ത്രണത്തോടും വിവേകത്തോടുംകൂടി കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ പഠനപ്രവർത്തനങ്ങളിലൂടെ ശക്തി പകരുന്നു.

സർവ്വോപരി, ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസത്തിൽ ഭാഗഭാക്കുകളാകാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നുവെന്ന് ഉറപ്പുവരുത്തുന്നു. എല്ലാ വിദ്യാർത്ഥിനികൾക്കും തുല്യപങ്കാളിത്തം നല്കുന്ന ജീവസ്സുറ്റ ഒരു പഠനരീതിയാണ് ലക്ഷ്യം വയ്ക്കുന്നത്.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

പെൺകുട്ടികൾക്ക് മാത്രമായി ഒരു വിദ്യാലയം സ്ഥാപിക്കണമെന്ന കൊല്ലം ബിഷപ്പായിരുന്ന ജെറോം പിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരമാണ് വിമല ഹൃദയ ഗേൾസ് സ്കൂൾ. കൊല്ലം കാത്തലിക് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്കൂളായി ഫ്രാൻസിസ്കൻ സന്യാസിനി സമൂഹത്തിന്റെ മേൽനോട്ടത്തിലാണ് വിമലഹൃദയ സ്കൂൾ പ്രവർത്തിക്കുന്നത്. 1962 ഓഗസ്റ്റ് 17-ാം തീയതി 41 അദ്ധ്യാപകരും 1080 വിദ്യാർത്ഥിനികളുമായി റവ.സിസ്റ്റർ ഇമ്മാക്കുലേറ്റ് മേരിയുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യബാച്ച് 1963 മാർച്ചിൽ 47% വിജയം നേടിക്കൊണ്ട് പഠനരംഗത്ത് പുരോഗതിയുടെ പ്രയാണം ആരംഭിച്ചു. 1984-85ൽ വിജയം 100%ത്തിലെത്തി. അച്ചടക്കം പഠനപുരോഗതി ഇവയുടെ കാര്യത്തിൽ സ്കൂൾ നാൾക്കുനാൾ പുരോഗതി പ്രാപിച്ചു. 2000ൽ ഹയർസെക്കന്ററി വിഭാഗം പ്രവർത്തനം ആരംഭിച്ചു.

ഈ വിദ്യാലയത്തിൽ 5000ത്തിൽ പരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുന്നു. പ്രഥമാദ്ധ്യാപികയും അദ്ധ്യാപകരും ഓഫീസ് സ്റ്റാഫ് ജീവനക്കാരും ഒരേ മനസ്സോടെ സ്കൂളിന്റെ വിജയത്തിനായി യത്നിക്കുന്നു. ഏതു സാഹചര്യത്തിൽ നിന്നു വരുന്ന കുട്ടികളായാലും അവർക്കെല്ലാം അനുയോജ്യമായ രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ആത്യന്തികമായ ലക്ഷ്യം നഗരമദ്ധ്യത്തിലായതിനാൽ ജില്ലയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള കുട്ടികളും ഈ വിദ്യാലയത്തിൽ പഠിക്കുന്നു.

ഭൗതികവും അക്കാദമികവുമായ നിരവധി നേട്ടങ്ങൾ ഈ വിദ്യാലയം കൈവരിക്കുകയുണ്ടായി. എച്ച്.എസിലെ കുട്ടികൾക്കായി 6000ത്തിൽ അധികം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയാണ് സജ്ജമാക്കിയിരിക്കുന്നത്.

യു.പി.ക്ലാസ്സുകളിലെ ഓരോ നിലകളിലും പ്രത്യേകം ലൈബ്രറി ക്രമീകരിച്ചിരിക്കുന്നു. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ് ക്ലാസ്സുകൾക്ക് പ്രത്യേകം സയൻസ് ലാബ്, വലിയ ഐ.റ്റി.ലാബ്, എല്ലാ ക്ലാസ്സിലും രണ്ടു ഫാൻ, കുടിവെള്ള സംവിധാനം, തണൽമരങ്ങൾ എന്നിവ ഭൗതികമായ നേട്ടങ്ങളിൽപ്പെടുന്നു. പുതിയ കെട്ടിട നിർമ്മാണം, എച്ച്.എസ്.എസ്. മിനി ആഡിറ്റോറിയം, സെമിനാർ ഹാൾ, ടോയിലറ്റുകൾ, ബാസ്കറ്റ് ബാൾ കോർട്ടിന്റെയും സൈക്കിൾ ഷെഡ്ഡിന്റെയും നിർമ്മാണം, സ്കൂൾ ഗേറ്റ്, സ്കൂൾ ഓഡിറ്റോറിയം പുതുക്കി പണിയൽ, ബാഡ്മിന്റൺ കോർട്ട്, ജലസംഭരണി, ചുറ്റുമതിൽ, കമ്പ്യൂട്ടർ ലാബ്, പുതുക്കി പണിയൽ, സുനാമി ബ്ലോക്കിന്റെ നിർമ്മാണം, പുതിയ കമ്പ്യൂട്ടർ ലാബ് തുടങ്ങി എടുത്തു പറയാൻ ഭൗതിക നേട്ടങ്ങളുടെ നീണ്ട നിര തന്നെയുണ്ട്.

അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും സഹകരണമനോഭാവമുള്ള മാതാപിതാക്കളും വിദ്യാലയ ത്തിന്റെ അക്കാദമിക നേട്ടങ്ങളിൽ പൊൻതൂവൽ ചാർത്തിത്തരുന്നു. കാലാകാലങ്ങളായിട്ടുള്ള വിദ്യാലയത്തിന്റെ പാഠ്യ-പാഠ്യേതര വിഷയങ്ങളിലുള്ള പ്രശസ്തി നിലനിർത്തിപ്പോരുന്നത് പ്രശംസനീയാർഹമാണ്. കലാ-കായിക മത്സരങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നല്കുന്ന വിദ്യാലയമാണ് വിമലഹൃദയ. എല്ലാ മത്സരങ്ങളിലും മികവ് കാഴ്ചവയ്ക്കുന്ന ബാന്റ് ഗ്രൂപ്പ് ഈ വിദ്യാലയത്തിന്റെ തിലകക്കുറിയാണ്. സുസജ്ജമായ ഐ.ടി.ലാബ് ഇവിടെ പ്രവർത്തിക്കുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ സാമൂഹിക പ്രതിബദ്ധത വിദ്യാലയത്തിൽ നിന്നും ലഭിച്ച രൂപീകരണത്തിന്റെ നല്ല പങ്ക് വ്യക്തമാക്കുന്നു. വിദ്യാർത്ഥികളുടെ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും മറ്റുള്ളവരുടെ ദുഖങ്ങളിൽ പങ്കുചേരുന്ന സാഹചര്യങ്ങളും രൂപപ്പെടുത്തി സാമൂഹ്യപ്രതിബദ്ധതയുള്ള സമൂഹത്തെ സൃഷ്ടിക്കുന്നതിൽ ഈ വിദ്യാലയം പ്രത്യേകം ശ്രദ്ധചെലുത്തുന്നു.

കലോത്സവ വേദികളിൽ നല്ല പങ്കാളിത്തവും വിജയവും എല്ലാ വർഷവും ഈ വിദ്യാലയത്തിൽ നിന്നും ഉണ്ടാകുന്നു. ക്വിസ്, പ്രസംഗം, ഉപന്യാസം, സെമിനാറുകൾ തുടങ്ങി വിവിധ ഇനങ്ങളിലുള്ള മത്സരങ്ങളിൽ ഇവിടുത്തെ വിദ്യാർത്ഥിനികൾ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. കായികമത്സരങ്ങളിലും മികച്ച വിജയം കൈവരിക്കുന്നു. അക്കാദമിക നിലവാരം മെച്ചപ്പെട്ടതായി നിലനിർത്തുന്നു. കൃത്യനിഷ്ഠയും അച്ചടക്കവും മുഖമുദ്രയായിട്ടുള്ള ഈ സ്ഥാപനത്തിന്റെ പുരോഗതിയിൽ പ്രഥമാധ്യാപികമാരും അദ്ധ്യാപകരും അനദ്ധ്യാപകരും രക്ഷിതാക്കളും മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്.

ലാഗ്വേജ് ലബോറട്ടറികളുടെ അഭാവം, ക്ലാസ്സ് മുറികളിൽ പ്രോജക്ടർ, ലാപ്ടോപ്പ് എന്നിവയുടെ അഭാവം, ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള മുറിയുടെ അഭാവം എന്നിവ പരിമിതികളായി കണക്കാക്കുന്നു.

കൊല്ലം കോർപ്പറേഷന്റെ ഹൃദയഭാഗത്ത് അയ്യായിരത്തിൽപരം വിദ്യാർത്ഥിനികളുമായി മികവിന്റെ ചുവടുകളുറപ്പിച്ച് വിമല ഹൃദയസ്കൂൾ വിരാജിക്കുന്നു. ഇവിടെ നിന്നും അക്ഷരത്തെന്നൽ തഴുകി അറിവിന്റെ പൊൻതിളക്കവുമായി കടന്നുപോയ ഒരു തലമുറയെക്കുറിച്ചുള്ള അഭിമാനവും പേറി...... ഒരു പുതിയ തലമുറയ്ക്കായുള്ള സ്വപ്നങ്ങൾ കാത്തുവച്ച് ഒരു തണൽവൃക്ഷം പോലെ ഞങ്ങളുടെ വിദ്യാലയം തണൽ വിരിച്ച് നിലകൊള്ളുന്നു.

# പൊതു വിദ്യാലയം മികവിന്റെ കേന്ദ്രം

പട്ടത്താനം വിമലഹൃദയ ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ സ്കൂളിന്റെ സർവ്വതോന്മുഖ വികാസത്തിനായുള്ള പദ്ധതികൾ വിഭാവനം ചെയ്തു. ഓരോ കുട്ടിക്കും പാഠഭാഗത്തു നിന്ന് ലഭിക്കുന്ന അറിവിനുപരിയായി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തേണ്ടവിധം ചർച്ചകളും സെമിനാറുകളും സിമ്പോസിയവും മറ്റും സംഘടിപ്പിച്ച് ദൃശ്യശ്രാവ്യമേഖലകളിൽ താല്പര്യമുണ്ടാക്കുന്നവിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. 5 മുതൽ 10 വരെ ക്ലാസ്സിലെ ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തത്. ലാബ് ശാക്തീകണത്തിനുള്ള പദ്ധതി, ജൈവപരിപോഷണം പദ്ധതി, ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതി, മാലിന്യമുക്തക്യാമ്പസ് പദ്ധതി, ഊർജ്ജ സംരക്ഷണ പ്രവർത്തനപദ്ധതി, പരിസര വ്യക്തി ശുചിത്വ പദ്ധതി, ഭിന്നശേഷി പ്രതിഭകൾക്കുവേണ്ടിയുള്ള പദ്ധതി, എക്കോക്ലബ്ബ് പദ്ധതി തുടങ്ങിയ പദ്ധതികളാണ് ആസൂത്രണം ചെയ്തത്. ഈ പദ്ധതികളിലൂടെ നേതൃത്വപാടവം, സഹകരണ മനോഭാവം, വിജ്ഞാനം പങ്കുവയ്ക്കൽ, ആരോഗ്യത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും അറിവ് ജനിപ്പിക്കൽ, പ്രകൃതിയെക്കുറിച്ച് കൂടുതലറിയാനും നാടൻ ഇനങ്ങളുടെ പ്രാധാന്യങ്ങൾ മനസ്സിലാക്കാനും കഴിയുക തുടങ്ങി പ്രയോജനങ്ങൾ നിരവധിയാണ്. ക്യാംപസ് മാലിന്യമുക്തവും പ്ലാസ്റ്റിക് മുക്തവുമാക്കാനുള്ള പ്രവർത്തനങ്ങൾക്കായുള്ള ആരംഭം കുറിക്കലാണ് ഈ പദ്ധതികൾ വിഭാവനം ചെയ്തതിലൂടെ നടപ്പാകുന്നത്.

മലയാളത്തിളക്കം, നവപ്രഭ, ശ്രദ്ധ, ഹലോ ഇംഗ്ലീഷ്, ഗണിതമധുരം തുടങ്ങിയവയിലൂടെ എഴുതാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പത്രപാരായണം, പ്രസംഗം, ക്വിസ് മത്സരങ്ങൾ എന്നിവ യു.പി. ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേകം നടത്തുകയും വിജയികൾക്കു സമ്മാനം അസംബ്ലിയിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. പഠനപിന്നോക്കാം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വൈകുന്നേരങ്ങളിൽ

അദ്ധ്യാപകർ അവർക്കായി പ്രത്യേക സമയം ചെലവഴിച്ച് മുൻനിരയിലെത്തിക്കാൻ ശ്രമിക്കുന്നു. കലാ കായിക മത്സരത്തിൽ മികവാർന്ന പ്രവർത്തനം കാഴ്ച വയ്ക്കുന്നതിൽ കുട്ടികളും ബന്ധപ്പെട്ട അദ്ധ്യാപകരും മാത്സര്യബുദ്ധിയോടെ വിവേകപൂർണ്ണമായി പ്രവർത്തിക്കുന്നു. സർവ്വതോന്മുഖ വികാസം ലക്ഷ്യമാക്കി ക്ലാസ്സ് മുറിയിൽ കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച, ക്വിസ്, സെമിനാർ തുടങ്ങിയവ നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നു.

പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ മുടക്കം കൂടാതെ നടന്നുവരുന്നതും കുട്ടികളുടെ ശാരീരിക മാനസിക ഉന്മേഷത്തിന് കാരണമായി ത്തീർന്നിട്ടുണ്ട്. പച്ചക്കറികൃഷി, പൂന്തോട്ടനിർമ്മാണം, ഔഷധത്തോട്ടം തുടങ്ങി വിദ്യാർത്ഥികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള കർമ്മപരിപാടികൾ പ്രവൃത്തി പഥത്തിലാണ്.

എൻ.എസ്.എസ്., എൻ.സി.സി. സ്കൗട്ട്സ് & ഗൈഡ്സ്, അസാപ്, സൗഹൃദ ക്ലബ്ബ്, കരിയർ ഗൈഡൻസ് ക്ലബ്ബ്, എക്കോ ക്ലബ്ബ്, ബയോ ഡൈവേർസിറ്റി ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനത്തിലൂടെ നേതൃത്വബോധം, വ്യക്തിത്വവികസനം, സാമൂഹിക പ്രതിബന്ധത, സംഘടനാ പാടവം, പരിസരശുചിത്വം, മാലിന്യനിർമ്മാജ്ജനം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യസംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സൂക്ഷ്മതയോടു കൂടിയുള്ള ഉപയോഗം, കൃഷിയുടെ ആവശ്യകതയും രീതികളും, ഭാവി പഠന മേഖലകൾ പങ്കുവയ്ക്കൽ, കാരുണ്യപ്രവൃത്തികൾ, രോഗീസന്ദർശനം, ആരോഗ്യ സംരക്ഷണം, യോഗ, കലാസാംസ്കാരിക വളർച്ച, ലഹരിയുടെ ദൂഷ്യഫലങ്ങൾ, നൈപുണ്യങ്ങൾ വളർത്തൽ, തുടങ്ങി തങ്ങൾക്കും സമൂഹത്തിനും ദേശത്തിനും ഒത്തിരി ഉപകാരപ്രദമായ നന്മകൾ വളർത്തിയെടുക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു.

മികവിന്റെ കേന്ദ്രമായി മാറാനുള്ള തീവ്രമായ യത്നത്തിൽ പങ്കാളിയാകാൻ വിമലഹൃദയ സ്കൂളും തയ്യാറെടുപ്പുകൾ നടത്തുകയും അതിന് തുടക്കം കുറിക്കുകയും ചെയ്തുകഴിഞ്ഞു.

## പദ്ധതി രൂപീകരണം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാഭ്യാസമേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. സമൂഹ പങ്കാളിത്തത്തോടെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വിമല ഹൃദയ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മികവാർന്ന വിദ്യാലയമാക്കി മാറ്റുന്നതിന്റെ ഭാഗമായി ഒരു കമ്മിറ്റി രൂപീകരിച്ചു

**ഈ യോഗത്തിൽ പങ്കെടുത്തവർ**

1. ഹെഡ്മിസ്ട്രസ്
2. ഡെപ്യൂട്ടി എച്ച്.എം.
3. സീനിയർ ടീച്ചേഴ്സ്
4. പി.റ്റി.എ. ഭാരവാഹികൾ
5 എം.പി.റ്റി.എ. ഭാരവാഹികൾ

### തീരുമാനങ്ങൾ

1. സ്കൂളിന്റെ ലക്ഷ്യങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്തുക.
2. ഭൗതിക സാഹചര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിനായി സർക്കാരിൽ നിന്നും ഫണ്ട് സ്വരൂപിക്കുക.
3. നമ്മുടെ ലക്ഷ്യങ്ങൾ ലഘുലേഖകളായി അച്ചടിച്ച് കുട്ടികൾക്ക് നൽകി അത് വീടുകളിലെത്തിക്കുക.
4. ജനപ്രതിനിധികളെയും മറ്റും സംഘടിപ്പിച്ച് സർക്കാരിന്റെ ലക്ഷ്യവും നമ്മുടെ ലക്ഷ്യവും ഒന്നാണെന്നുറപ്പാക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ– പരിമിതികൾ

കൊല്ലം കോർപ്പറേഷന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വിമല ഹൃദയ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ പ്രവർത്തന മികവുകൊണ്ട് പ്രശസ്തി കൈവരിച്ച വിദ്യാലയമാണ്. വിമല ഹൃദയ സന്യാസിനി സമൂഹത്തിന്റെ അധീനതയിൽ അച്ചടക്കവും സാന്മാർഗ്ഗിക ബോധവും നൽകിവരുന്നതും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും പ്രമുഖ സ്ഥാനം നിലനിർത്തിപ്പോരുന്നതുമായ വിദ്യാലയമാണെങ്കിലും, പരിമിതികളിൽ നിന്നും മുക്തമല്ല എന്നത് യാഥാർത്ഥ്യമാണ്. സ്വകാര്യ സ്കൂളുകൾ ബാഹ്യമോടികളാലും മറ്റു ഭൗതിക സാഹചര്യങ്ങളാലും കുട്ടികളെ ആകർഷിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. എങ്കിലും, കുട്ടികളുടെ എണ്ണത്തിൽ മുന്നിലാണ് വിമലഹൃദയസ്കൂൾ . വിദ്യാർത്ഥികളുടെ എണ്ണത്തിനനുപാതികമായ ക്ലാസ്സ് മുറികളുടെ അഭാവമാണ് സ്കൂൾ നേരിടുന്ന ഏറ്റവും വലിയ പരിമിതി. പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിനും സ്ഥല പരിമിതി തടസ്സമാകുന്നു. കുടിവെള്ളത്തിന്റെ ലഭ്യത കുറവെന്നതും പരിമിതികളിൽപ്പെടുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റുകളുടെ അഭാവം, മാലിന്യനിർമ്മാർജ്ജനത്തിനുള്ള പരിമിതി, ജൈവവിഘടനം സംഭവിക്കാത്ത മാലിന്യങ്ങളുടെ നിർമ്മാർജ്ജനം , ഗതാഗതക്കുരുക്ക്, വിദ്യാലയത്തിന് മുന്നിലുള്ള റോഡിന്റെ വീതികുറവ്, സാങ്കേതിക മികവിനായുള്ള മികച്ച ഐ.റ്റി.ലാബ് – സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം, മതിയായ കളിസ്ഥലത്തിന്റെ അഭാവം, ഇങ്ങനെ പരിമിതികളുടെ ഒരു നീണ്ട നിരതന്നെയുണ്ട്.

# അക്കാദമിക പരിമിതികൾ

‘ഉൾപ്പെടുത്തി’യുള്ള വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് താല്പര്യം ജനിപ്പി ക്കത്തക്ക വിധത്തിലുള്ള ബോധനോപാധികൾ ലഭ്യമല്ല. പവർ പോയിന്റ് പ്രസ

ന്റേഷനു വേണ്ടിയുള്ള പശ്ചാത്തല അസൗകര്യം, പ്രായോഗിക അഭിരുചി വളർത്തിയെടുക്കാൻ തക്ക ലബോറട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത, ഔഷധത്തോട്ടത്തിന്റെ അഭാവം, ഹൈടെക് ക്ലാസ്സ് മുറികൾ ഇല്ലാത്തത്, പോരായ്മകളുള്ള സയൻസ് ലാബ്, തുടങ്ങിയവ അക്കാദമിക തലത്തിൽ സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സങ്ങളായി നിലനിൽക്കുന്നു.

ഓരോ ക്ലാസ്സിലെയും കുട്ടികളുടെ എണ്ണത്തിലുള്ള ആധിക്യം വ്യക്തിഗത ശ്രദ്ധ കിട്ടുന്നതിൽ നിന്നും കുട്ടികളെ പിൻതിരിപ്പിക്കുകയും അവർ പലപ്പോഴും പ്രോബ്ലം - ചിൽഡ്രൻ ആകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

* എച്ച്.എസ്. വിഭാഗത്തിൽ പ്രത്യേകിച്ച് കുട്ടികളെ ശാരീരികവും മാനസികവുമായി തളർത്തിക്കളയുന്ന ടൈംടേബിൾ (9-4:45).
* പി.റ്റി. ടീച്ചേഴ്സിന്റെ അഭാവം (എച്ച്.എസ്.എസ്)
* ആധുനിക രീതിയിലുള്ള ലൈബ്രറി & വായനാമുറിയുടെ അഭാവം
* ആവശ്യാനുസരണം ഐ.റ്റി. ഉപകരണങ്ങളുടെ കുറവ്.
* സ്മാർട്ട് ക്ലാസ്സ് റൂമിന്റെ കുറവ്
* റെമഡിയൽ ടീച്ചിംഗിനുള്ള സമയമില്ലായ്മ
* എച്ച്.എസ്., എച്ച്.എസ്.എസ് ടൈം ടേബിൾ - സമാനതയില്ലായ്മ
* കുട്ടികളുടെ എണ്ണമനുസരിച്ച് സ്ഥലസൗകര്യമില്ലാത്തത്
* കളിസ്ഥലത്തിന്റെ കുറവ്
* വിദ്യാർത്ഥിനികൾക്ക് വിശ്രമത്തിനും ഭക്ഷണം കഴിക്കുന്നതിനും സൗകര്യമില്ലായ്മയും സമയക്കുറവും

## നേട്ടങ്ങൾ

* അച്ചടക്കവും അർപ്പണബോധവുമാണ് വിമലഹൃദയ സ്കൂളിന്റെ മുഖമുദ്ര.
* യു.പി.യ്ക്കും എച്ച്.എസിനും എച്ച്.എസ്.എസ്.- നും പ്രത്യേകമായി ലൈബ്രറി.
* അദ്ധ്യാപകർക്ക് പ്രത്യേകമായി ലൈബ്രറി
* സുസജ്ജമായ ഐ.റ്റി.ലാബ്
* കായികകലാ ഇനങ്ങൾക്ക് മികച്ച പരിശീലനം
* സന്മാർഗ്ഗ പഠനം
* ലഹരിവിമുക്ത ക്ലാസ്സുകൾ, ശുചിത്വ ബോധവൽക്കരണ ക്ലാസ്സ് തുടങ്ങി സമൂഹത്തിൽ ഇന്നു നിലനിൽക്കുന്ന പ്രശ്നപരിഹാരത്തിനാവശ്യമായ ക്ലാസ്സുകൾ
* ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയം
* ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന വിദ്യാലയമാണെന്നിരിക്കെ, ഉയർന്ന വിജയശതമാനം നിലനിർത്തുന്നു.
* അർപ്പണബോധമുള്ള അദ്ധ്യാപകർ, അനധ്യാപകർ, ലാബ് അസിസ്റ്റന്റ്
* ഊഷ്മളമായ അദ്ധ്യാപക വിദ്യാർത്ഥി ബന്ധം
* പെൺകുട്ടികൾക്ക് സൗഹൃദപരവും സുരക്ഷിതവുമായ സാഹചര്യം
* മത്സര പരീക്ഷകളിൽ മികച്ച പങ്കാളിത്തം
* കലാകായിക രംഗങ്ങളിൽ കൈവരിക്കുന്ന വിജയം
* സെമിനാറുകളിലും എക്സിബിഷനുകളിലുമുള്ള മികച്ച പങ്കാളിത്തം.
* മികച്ച പ്രോജക്ട് അവതരണം
* വ്യക്തിത്വ വികസന ക്ലാസ്സുകൾ
* എസ്.എസ്.എൽ.സി, പ്ലസ്ടൂ വിജയശതമാനത്തിലും ഫുൾ എ+ നേടുന്നവരുടെ എണ്ണത്തിലുമുള്ള പടിപടിയായ ഉയർച്ച.
* 2015-16 മാർച്ച് എച്ച്.എസ്.ഇ പരീക്ഷകളിൽ 1200 ൽ 1200 മാർക്കും വാങ്ങുവാൻ സാധിച്ചിട്ടുള്ള വിജയത്തിളക്കം.

* ഭേദപ്പെട്ട ലാബുകൾ, ലൈബ്രറി, സെമിനാർ ഹാൾ.

* ഉള്ള സൗകര്യങ്ങൾ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്ന അദ്ധ്യാപനം

* മികച്ച ക്ലാസ്സ് റൂം,

* എൻ.സി.സി., എൻ.എസ്.എസ്., അസാപ്പ്, ഗൈഡ്സ്, സൗഹൃദ ക്ലബ്ബ്, കൗൺസിലിംഗ് ക്ലബ്ബ്, കരിയർ ഗൈഡൻസ് ക്ലബ്ബ്, എക്കോ ക്ലബ്ബ്, ബയോ ഡൈവർസിറ്റി ക്ലബ്ബ്, തുടങ്ങിയവയുടെ മികവേറിയ പ്രവർത്തനങ്ങൾ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
### വിദ്യാലയം മികവിന്റെ കേന്ദ്രം

1. സ്കൂൾ ലൈബ്രറി പുനഃക്രമീകരിക്കുന്നു.

* ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.
* നിലവിലുള്ള പുസ്തകങ്ങളെ ഇനംതിരിച്ച് ക്രമീകരിക്കുന്നു
* ഓരോ ക്ലാസ്സിലും ഉപയോഗിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു
* പുസ്തകവിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു
* കുട്ടികളെ തെരഞ്ഞെടുത്ത് ലൈബ്രേറിയൻമാരാക്കുന്നു.
* ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം നൽകുന്നു.
* ഓരോ ക്ലാസ്സിലും ഓരോ നോട്ടുപുസ്തകം വിതരണരജിസ്റ്ററായി സൂക്ഷിക്കുന്നു.
* ലൈബ്രറിയും ചുമരുമെല്ലാം പ്രസിദ്ധ സാഹിത്യകാരന്മാരുടെ ഫോട്ടോകൾ, കലയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുന്നു.
* ചുമരിൽ വായനയുമായി ബന്ധപ്പെട്ട വചനങ്ങൾ എഴുതിവയ്ക്കുന്നു.

2. ക്ലാസ്സ് പത്രവും സ്കൂൾ പത്രവും നടപ്പിലാക്കുന്നു.

* ക്ലാസ്സ് പത്രത്തിന്റെ നിർമ്മാണപ്രക്രിയ എല്ലാ കുട്ടികളെയും ബോധ്യപ്പെടുത്തുന്നു.
* സന്നദ്ധരായ കുട്ടികളെ ഉൾപ്പെടുത്തി ബോർഡ് ഉണ്ടാക്കുന്നു
* ഓരോ ദിവസവും വാർത്തകളെഴുതി തയ്യാറാക്കുന്നു
* ടാഗ് ചെയ്ത് സൂക്ഷിക്കുന്നു.
* ഈ വാർത്തകൾ ഉൾപ്പെടുത്തി പത്രം നിർമ്മിക്കുന്നു.
* അടുത്തദിവസം അസംബ്ലി അവതരിപ്പിക്കുന്നു.

3. മികച്ച രചനകൾ ഒരുക്കൽ

* എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

* ഓരോ ക്ലാസ്സിലെയും സർഗ്ഗാത്മകരചനാ സാദ്ധ്യതകൾ അദ്ധ്യാപകർ ലിസ്റ്റ് ചെയ്യുന്നു.

* ക്ലാസ്സ് മുറിയിൽ രചനകൾ പ്രയോഗിക്കൽ

* രചനകൾ ചേർത്ത് പതിപ്പാക്കൽ

4. സർഗ്ഗച്ചുവർ

* സ്കൂളിന്റെ ഓഫീസിനു മുന്നിലായി ചുവരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുന്നു.

5. സ്കൂൾ ബ്ലോഗ്

* കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂളിന്റെ ബ്ലോഗ് ഉപയോഗപ്പെടുത്തൽ

6. കുട്ടിയെ മികച്ച വായനക്കാരനാക്കുക.

* ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ

* വായനോത്സവം സംഘടിപ്പിക്കൽ

* അസംബ്ലിയിൽ പത്രവായന

* പത്ര കട്ടിംഗുകൾ ശേഖരണം.

* വാർത്തകൾ എഴുതി സൂക്ഷിക്കൽ

7. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

* പ്രീടെസ്റ്റ്

* അക്ഷരമുറപ്പിക്കൽ

* അടയാളമുറപ്പിക്കൽ

* അക്ഷരകാർഡ് നൽകൽ

* വാക്കുകൾ എഴുതിയ കാർഡ് നൽകൽ

* വാക്യങ്ങൾ നിർമ്മിക്കുക

* അടിക്കുറിപ്പ് എഴുതുക

* കഥാപുസ്തക വായന

* കഥ പൂർത്തിയാക്കുക

* സി.ഡി. പ്രദർശനം - കുറിപ്പ് തയ്യാറാക്കൽ

* മലയാള തിളക്കം പദ്ധതി നടപ്പിലാക്കുക.

* ശ്രദ്ധാപദ്ധതി നടപ്പിലാക്കുക.

8. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

* ഭിന്നശേഷിക്കാർക്ക് പ്രത്യേക പ്രവർത്തന പാക്കേജ്

9. ഇ - വായന - സാദ്ധ്യത കണ്ടെത്തൽ

* വിക്കി പീഡിയ പരിചയപ്പെടുത്തൽ

* ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള നൈപുണി

* വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം

10. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതികളുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുന്നു.

* ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ.റ്റി.യുടെ സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് നേടുക.

* ഇംഗ്ലീഷ് ഭാഷാപഠനശേഷി വികസിപ്പിക്കുക.

11. ഹിന്ദി ഭാഷാ പഠനത്തിൽ പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാനുള്ള പിന്തുണ നല്കും.

* ഹിന്ദിയിലെ കലകൾ ആസ്വദിക്കാനുള്ള കഴിവ് നേടും

* ഹിന്ദി നന്നായി ഉച്ചരിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള കഴിവ് കുട്ടിയിൽ വികസിപ്പിച്ചെടുക്കും.

12. ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിലെത്തിക്കുക.

* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

13. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.

* സാമൂഹിക ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക.

* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹിക ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

14. ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി, എൻക്വയറി സ്കിൽ, ഇവയെല്ലാകുട്ടികളിലും വികസിപ്പിക്കുക.

*. ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

* ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

* ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.

15. സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, ഭാഷാപ്രവൃത്തി പരിചയ ക്ലബ്ബ്, കലാകായികം, വിദ്യാരംഗം, സാമൂഹിക ശാസ്ത്ര ക്ലബ്ബ്, ഇവയുടെ പ്രവർത്തനം മികവുറ്റതാക്കും.

16. അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്യും.

17. നിരന്തരം വിലയിരത്തലുകൾ നടത്തും.

18 സ്കൂൾ തല മേളകളിൽ സജീവമായ പങ്കാളിത്തം നിലനിർത്തും.

19 ഐ.റ്റി. അധിഷ്ഠിത പഠനം കാര്യക്ഷമമാക്കും.

20 ആരോഗ്യ സുരക്ഷാ കൗൺസിലിംഗ് വിദഗ്ധരുടെ ക്ലാസ്സുകൾ സ്കൂളിൽ സംഘടിപ്പിക്കും.

21. മെഗാ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കൽ

22. വൃക്ഷതൈകൾ, ഔഷധതൈകൾ ഇവ നട്ടുവളർത്താനുള്ള സാഹചര്യം ഒരുക്കൽ

23. ശുചിത്വ സംരക്ഷണത്തിന് ദീർഘകാലത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

24. ആരോഗ്യ സംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ

* കുട്ടികളുടെ പഠനം മെച്ചപ്പെടുത്താനും മൂല്യബോധം വളർത്തിയെടുക്കുവാനുമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.
* പഠനസമയം ക്രമീകരിച്ച് നല്ല പഠനാന്തരീക്ഷം ഉണ്ടാക്കുക.
* കുട്ടിയുടെ കുടുംബാന്തരീക്ഷം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
* പാഠഭാഗത്തിനുപരിയായി കുട്ടികളുടെ ചിന്ത, ഭാവന, സാംസ്കാരിക അവബോധം എന്നിവ ഉദ്ദീപിപ്പിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക. ഇതിനനുയോജ്യമായ ഒരു ഭൗതിക സാഹചര്യം സൃഷ്ടിക്കുക.
* വിദ്യാലയ പരിസരശുചിത്വം
* സുരക്ഷിതത്വം ഉറപ്പാക്കുക
* ജലവിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക
* വിദ്യാർത്ഥി സൗഹൃദപരമായ ക്ലാസ്സ് മുറികൾ സൃഷ്ടിക്കുക
* ക്ലാസ്സ് മുറികൾ ആധുനിക സാങ്കേതിക വിദ്യ അധിഷ്ഠിതമാക്കുക.
* പഠനത്തെ സംബന്ധിച്ച വിദ്യാലയത്തിന്റെ കാഴ്ചപാടിനെ പ്രതിഫലിപ്പിക്കുന്ന രീതിയിലുള്ള ക്ലാസ്സ് റൂം രൂപകൽപ്പന ചെയ്യുക.
* സ്മാർട്ട് ക്ലാസ്സുകൾ, സ്കൂൾ മ്യൂസിയം തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കുക
* മികച്ച ഐ.റ്റി. ലാബ്, മികച്ച സയൻസ് ലാബ് തുടങ്ങി വിദ്യാലയം ഹൈടെക്ട ആകുന്നതിനു വേണ്ടിയുള്ള അത്യാധുനിക സൗകര്യങ്ങൾ ഉണ്ടാക്കുക
* ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകൾ കുട്ടികൾ അനായാസേന കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം.
* ശാസ്ത്രം, ഗണിതം, സാമൂഹിക ശാസ്ത്രം ഇവയിൽ അടിസ്ഥാനപരവും ആഴമുള്ളതുമായ അറിവ്.
* എസ്.എസ്.എസ്.എൽ.സിയ്ക്ക് 100 ശതമാനം വിജയവും കൂടുതൽ ഫുൾ എ പ്ലസും പ്രതീക്ഷിക്കുന്നു.
* കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

* കുട്ടികളിൽ ലക്ഷ്യബോധവും സാമൂഹികബോധവും വളർത്തിയെടുക്കുന്ന തിന് കൂടുതൽ സമയം കണ്ടെത്തുക.

ജീവിതത്തിന്റെ ഉന്നത മേഖലകളിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക എന്ന ഉദ്ദേശത്തോടെ അവരുടെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

# മോണിറ്ററിംഗ്

## പ്രവർത്തനങ്ങൾ

* സമഗ്ര വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സ്കൂൾതല പ്രവർത്തന ങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.
* അക്കാദമിക് പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്ന സഹായങ്ങൾ കൃത്യമായി സംഘടിപ്പിക്കുന്നതാണ്. അത് സമയബന്ധിതമായിത്തന്നെ നടപ്പിലാക്കുകയും ചെയ്യുന്നതാണ്.
* സംഘാടക പ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടും. അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും സാമ്പത്തിക ക്രമക്കേടുകൾ ഒഴിവാക്കുകയും ചെയ്യും.
* അദ്ധ്യാപകർക്കും വിദ്യാർത്ഥിനികൾക്കും മികച്ച മാതൃകകളും പ്രോത്സാഹനവും നൽകും. പരീക്ഷകളുടേയും മറ്റും രഹസ്യസ്വഭാവം നിലനിർത്തും.
* സ്കൂൾതല അക്കാദമിക പ്രവർത്തനങ്ങളിലൂടെ വാർഷികപദ്ധതി വിലയിരുത്തൽ, പ്രതിമാസ ക്ലാസ്തല ആസൂത്രണം വിലയിരുത്തൽ, മൂല്യ നിർണ്ണയം നടത്തൽ, അദ്ധ്യാപകരുടെ പരിശീലനങ്ങൾ പരിപോഷിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തും.
* അക്കാദമിക മികവുകൾ ചർച്ചചെയ്ത് പുതിയ തീരുമാനങ്ങൾ എടുക്കുന്നതിനും അദ്ധ്യാപകർക്ക് അക്കാദമിക നിർദ്ദേശങ്ങൾ നല്കുന്നതിനും വിലയിരുത്തലുകൾ നടത്തുന്നതിനും മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നു.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രാവർത്തികമാക്കുന്നതിനായി സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിൽ വിമല ഹൃദയ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനും ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ലോകോത്തര നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസ രീതി നടപ്പിലാക്കി കുട്ടികളുടെ സർവ്വതോന്മുഖ വികാസം ലക്ഷ്യമാക്കുന്നതിനായി ദീർഘവീക്ഷണത്തോടെ പദ്ധതി നടപ്പിലാക്കുന്ന വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനും അതിന് എല്ലാ പിന്തുണയും നൽകുന്ന സർക്കാരിനും ഞങ്ങളുടെ വിദ്യാലയത്തിന്റെ പേരിലുള്ള നന്ദി രേഖപ്പെടുത്തുന്നു.

ക്ലാസ്സ് മുറികളിലാണ് പുരോഗതിയുടെ നാമ്പുകൾ പൊട്ടിവിടരുന്നത്. മഹത് വ്യക്തികളും ചരിത്രകാരന്മാരും എഴുത്തുകാരും ഓരോ ക്ലാസ്സ് മുറികളിൽ നിന്നുമാണ് സമൂഹത്തിന് സമ്മാനിക്കപ്പെടേണ്ടത്. ഇതിന് അനുയോജ്യമായതും ആകർഷണീയവുമായ ഒരന്തരീക്ഷം വിദ്യാലയങ്ങളിൽ സംജാതമാകുന്നതിനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾ പ്രശംസനീയമാണ്. അമൂല്യമായ നിധികൾ ക്ലാസ്സ് മുറികളിലാണ് വിളങ്ങുന്നത്. അവ കണ്ടെത്തി സമൂഹത്തിന് നൽകുന്ന ഉത്തരവാദിത്വ പൂർണമായ സമീപനങ്ങളും പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ രീതി അവലംബിച്ചതോടെ വിദ്യാഭ്യാസത്തിന് സൗഹൃദപരമായ മാനം ഇന്നു വന്നുചേർന്നിട്ടുണ്ട്. കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ ഈ പദ്ധതികൾ ഏറെ സഹായകമാകും. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിലൂടെ എല്ലാ കുട്ടികളിലേക്കും അറിവിന്റെ തിരിനാളം പകർന്നു നല്കാനാകുന്നു. രാഷ്ട്ര നന്മയ്ക്കുതകുന്ന വിധത്തിൽ കുട്ടികളുടെ കഴിവുകൾ വളർത്തിയെടുത്ത് ഉത്തമ പൗരന്മാരാക്കാനും ഉന്നതമേഖലയിലേക്ക് എത്തിപ്പെടാൻ അവരെ സഹായിക്കുന്നതിനും കഴിയുന്നു. കുട്ടികൾ പ്രായോഗിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും ഗവേഷണ തൽപ്പരരാക്കുന്നതിനും കുട്ടികളുടെ പ്രത്യേക അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിച്ച് ആ മേഖലയിൽ പ്രാവിണ്യമുള്ളവരാക്കുകയും ചെയ്യുന്ന തരത്തിലുള്ള ബോധനരീതി വളരെ പ്രശംസനീയമാണ്.

ഇത്തരം ബോധനരീതികൾ പ്രായോഗികമായി വിജയപഥത്തിലെത്തിക്കുന്നതിന് ഞങ്ങൾ കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ഇനിയും വന്നുചേരേണ്ട മാറ്റങ്ങൾക്കൊത്ത് തയ്യാറെടുക്കുമ്പോൾ ഭൗതികമായ പരിമിതികൾ തടസ്സമായി നിൽക്കുന്നു. ഈ പരിമിതികൾ പരിഹരിക്കപ്പെടുമെന്ന ശുഭപ്രതീക്ഷ ഞങ്ങൾക്കുണ്ട്. അതിനായി സർക്കാരിന്റെ സാമ്പത്തിക സഹായ മാർഗ്ഗ നിർദ്ദേശങ്ങൾ ഞങ്ങൾക്ക് ലഭ്യമാകുമെന്ന് പ്രത്യാശിക്കുന്നു.

പ്രിൻസിപ്പാൾ

എച്ച്.എം.